ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 24.09.2025

## പ്രധാനവാർത്തകൾ

1. കലാകാരന്മാർക്ക് സമൂഹത്തിൽ സവിശേഷ സ്ഥാനമുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

2. രാജ്യത്ത് രണ്ട് വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനുകൾ ഉടൻ ആരംഭിക്കുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്.

3. കേരളത്തിലെ നെൽ കർഷകരുടെ പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രാലയം നിയോഗിച്ച വിദഗ്ദ്ധ സംഘം ആലപ്പുഴയിലെത്തി.

4. നാഷണൽ സർവീസ് സ്കീം വോളന്റിയേഴ്സ് സമൂഹത്തിനാകെ മാതൃകയെന്ന് മന്ത്രി ആർ ബിന്ദു; ദിനാചരണം മന്ത്രി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.

5. സംസ്ഥാനത്ത് സെപ്റ്റംബർ മാസത്തെ സാമൂഹ്യ സുരക്ഷ, ക്ഷേമനിധി പെൻഷനുകൾ നാളെ മുതൽ വിതരണം ചെയ്യും.

6. ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും.

*************************************

RNU TVPM

## രാഷ്ട്രപതി

കലാകാരന്മാർക്ക് സമൂഹത്തിൽ വലിയ സ്ഥാനമുണ്ടെന്ന്

രാഷ്ട്രപതി ദ്രൗപദി മുർമു. ലളിത് കലാ അക്കാദമി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച 64-ാമത് ദേശീയ കലാ പ്രദർശനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തെ കലാ സംസ്കാരത്തെ സമ്പന്നമാക്കാൻ കലാ സൃഷ്ടികൾക്ക് സാധിക്കുന്നതായും രാഷ്ട്രപതി പറഞ്ഞു.

************************************

## വേൾഡ് ഫുഡ് ഇന്ത്യ

വേൾഡ് ഫുഡ് ഇന്ത്യ 2025 നാളെ മുതൽ ഈ മാസം 28 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. 100 ലേറെ വിദേശ രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കും.

RNU TVPM

************************************

## അശ്വിനി വൈഷ്ണവ്

രാജ്യത്ത് രണ്ട് വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനുകൾ ഉടൻ ആരംഭിക്കുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് . ദീപാവലി, ഛഠ് ഉത്സവങ്ങളോടനുബന്ധിച്ച് പന്ത്രണ്ടായിരം പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. അടുത്തമാസം 1 മുതൽ നവംബർ 15 വരെ പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്നും ശ്രീ.വൈഷ്ണവ് അറിയിച്ചു.

************************************

## കേന്ദ്ര സംഘം - ആലപ്പുഴ

കേരളത്തിലെ നെൽ കർഷകരുടെ പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രാലയം നിയോഗിച്ച വിദഗ്ദ്ധ സംഘം ആലപ്പുഴയിലെത്തി. കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻറെ കുട്ടനാട് സന്ദർശനത്തിന് മുന്നോടിയായാണ് ഏഴംഗ വിദഗ്ദ്ധ സംഘം എത്തിയത്. ചേർത്തല അന്ധകാരനഴി സന്ദർശിച്ച സംഘം നിലവിൽ കുട്ടനാട് സന്ദർശിക്കുകയാണ്. ഉച്ച കഴിഞ്ഞ് വിദഗ്ദ്ധ സംഘം മങ്കൊമ്പിൽ എത്തും. വിവിധ പാടശേഖരങ്ങൾ സന്ദർശിച്ച ശേഷം കർഷകരുമായി മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ ചർച്ച നടത്തും. ശേഷം അപ്പർ കുട്ടനാട് പ്രദേശങ്ങൾ സന്ദർശിക്കും.

****************************************

## ക്ഷേമ പെൻഷൻ

സെപ്റ്റംബറിലെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷനുകൾ സംസ്ഥാനത്ത് നാളെ മുതൽ വിതരണം ചെയ്യും. ഇതിനായി 841 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1,600 രൂപവീതം ലഭിക്കുന്നത്.

RIU TVPM

****************************************

## പാസിംഗ് ഔട്ട് പരേഡ്

ജയിൽ വകുപ്പിലെ 101 അസിസ്റ്റൻ്റ് പ്രിസൺ ഓഫീസർ മാരുടെ പാസിങ്ങ് ഔട്ട് പരേഡ് നാളെ നടക്കും. തിരുവനന്തപുരം പേരൂർക്കട SAP പരേഡ് ഗ്രൗണ്ടിൽ നടക്കുന്ന പാസിങ്ങ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ സല്യൂട്ട് സ്വീകരിക്കും.

***********************************

## ആർ.ബിന്ദു

സംസ്ഥാനത്തു അവശ്യ ഘട്ടങ്ങളിൽ നാഷണൽ സർവീസ് സ്കീം വോളന്റീയർസ് നടത്തിയ മാതൃകാ പ്രവർത്തനങ്ങൾ പ്രശംസനീയമെന്ന് മന്ത്രി ആർ ബിന്ദു. സമൂഹത്തിനു വേണ്ടി യുവതീ യുവാക്കൾക്ക് എന്ത് ചെയ്യാൻ കഴിയുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് എൻ.എസ്.എസ്സിന്റെ പ്രവർത്തനങ്ങളെന്നും മന്ത്രി പറഞ്ഞു. ദേശീയ എൻ.എസ്.എസ് ദിനാചരണവും, മാനസ ഗ്രാമം പ്രഖ്യാപനവും, പക്ഷിവനം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി തിരുവനന്തപുരത്ത് നിർവഹിച്ചു.

***********************************

RNU TVPM

## കണ്ണൂർ (ഇൻട്രോ)

സംസ്ഥാനത്തെ ആദ്യത്തെ കല്ലുമ്മേക്കായ -കടൽ മത്സ്യ വിത്തുൽപാദന ഹാച്ചറി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഒരുങ്ങുന്നു. പ്രതിവർഷം 50 ലക്ഷം കടൽ മത്സ്യക്കുഞ്ഞുങ്ങളും 50 ലക്ഷം കല്ലുമ്മക്കായ വിത്തുമാണ് ഉൽപാദിപ്പിക്കാൻ ലക്ഷ്യമിടുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ...**

(വോയിസ്)

***********************************

## തദ്ദേശ പൊതുതിരഞ്ഞെടുപ്പ്

തദ്ദേശ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ സംവരണ വാർഡുകൾ

നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് അടുത്ത മാസം 13 മുതൽ 21 വരെ നിശ്ചിത തീയതികളിൽ നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ. തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കപ്രവർത്തനങ്ങൾ വിലയിരുത്താനായി ഇന്നലെ ചേർന്ന ജില്ലാ കളക്ടർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു കമ്മീഷണർ. ത്രിതല പഞ്ചായത്തുകളുടെ വാർഡ് സംവരണം നറുക്കെടുപ്പിലൂടെ നിശ്ചിയിക്കാൻ ജില്ലാ കളക്ടർമാരെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്.

*****************************************

## സേവാ പർവ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ സെമികണ്ടക്ടർ മിഷനിലൂടെ രാജ്യത്തിൻറെ ഭാവി രൂപപ്പെടുത്തുന്നതിനായി നടത്തിയ പ്രവർത്തനങ്ങളെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

RNU TVPM

(മ്യൂസിക്)

## സേവാ പർവ് (വോയിസ്)

**(music )**

2021 ൽ ആണ് ഇന്ത്യ സെമികണ്ടക്ടർ മിഷൻ ആരംഭിച്ചത്. ആധുനിക ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ തലച്ചോറായ സെമികണ്ടക്ടർ ചിപ്പുകളെ ഡിജിറ്റൽ ഡയമണ്ട് എന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി വിശേഷിപ്പിച്ചത്.

**(PM VOICE)**

സെമികണ്ടക്ടർ, ഡിസ്പ്ലേ നിർമ്മാണത്തിന് 50% വരെ പിന്തുണ

വാഗ്ദാനംചെയ്തുകൊണ്ട് സെമികണ്ടക്ടർ മിഷൻ 76,000 കോടി രൂപയുടെ സെമികോൺ ഇന്ത്യ പദ്ധതിയെ മുന്നോട്ടു നയിക്കുന്നു.

**(music )**

**************************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 126-ാം പതിപ്പ് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും മറ്റന്നാൾ വരെ പങ്കുവയ്ക്കാം.

**************************************

## സൗദി അറേബ്യ-പ്രധാനമന്ത്രി

PNU TVPM

സൗദി അറേബ്യയുടെ ഗ്രാൻഡ് മുഫ്തിയായിരുന്ന ഷെയ്ഖ് അബ്ദുൽ അസീസ് ബിൻ അബ്ദുല്ല ബിൻ മുഹമ്മദ് അൽ അൽ ഷെയ്ഖിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചിച്ചു. ദുഃഖാർദ്രമായ നിമിഷത്തിൽ രാജ്യത്തിനും അവിടുത്തെ ജനങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുന്നതായി പ്രധാനമന്ത്രി സാമൂഹികമാധ്യമത്തിൽ കുറിച്ചു.

**************************************

## നവരാത്രി-പ്രധാനമന്ത്രി

നവരാത്രിയുടെ മൂന്നാം ദിവസമായ ഇന്ന് ഭക്തർ ദേവി ചന്ദ്രഘണ്ടയെ ആദരിക്കുന്നു. എല്ലാവർക്കും സന്തോഷവും സമാധാനവും ഉണ്ടാകട്ടെയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസിച്ചു.

************************************

## സ്വസ്ഥ് നാരി സശക്ത് പരിവാർ

സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാന്റെ ഭാഗമായി തിരുവനന്തപുരം വെള്ളനാട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ആരോഗ്യ ക്യാമ്പ് സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി സ്ത്രീകൾക്കും ഗർഭിണികൾക്കുമുള്ള ആരോഗ്യ പരിശോധകളും നടന്നു. അർബുദ രോഗ നിർണ്ണയം, പൊതുവായ ശാരീരിക പരിശോധന, പ്രതിരോധ കുത്തിവെയ്പ്പ്, സ്പെഷ്യലിസ്റ്റ് കൺസെൽട്ടേഷനുകൾ എന്നിവയും സംഘടിപ്പിച്ചു. കുട്ടികൾക്കുള്ള വൈറ്റമിൻ എ മരുന്ന് വിതരണവും ക്യാമ്പിന്റെ ഭാഗമായി

നടന്നു.

RNUTVPM

************************************

## ജി.എസ്.ടി - ആരോഗ്യമേഖല

പുതു തലമുറ ജി.എസ്.ടി പരിഷ്കാരങ്ങളിലൂടെ ആരോഗ്യ മേഖലയിൽ സർക്കാർ ഗണ്യമായ നികുതി ഇളവുകളാണ് വരുത്തിയിട്ടുള്ളത്. ആരോഗ്യ, ലൈഫ് ഇൻഷുറൻസ് പ്രീമിയങ്ങളെ ജി.എസ്.ടിയിൽ നിന്നും ഒഴിവാക്കി. കാൻസർ, ഗുരുതരമായ വിട്ടുമാറാത്ത രോഗങ്ങൾ എന്നിവയ്ക്കുള്ള 33 ജീവൻ രക്ഷാ മരുന്നുകളുടെ നികുതിയും ഒഴിവാക്കിയിട്ടുണ്ട്. മെഡിക്കൽ

ഉപകരണങ്ങളുടെ നികുതി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു.

*************************************

## ഇടുക്കി - കുടുംബശ്രീ (ഇൻട്രോ)

ഇടുക്കി ജില്ലയിലെ 26 കുടുംബശ്രീ സി.ഡി.എസുകൾക്ക് ഐ.എസ്.ഒ അംഗീകാരം ലഭിച്ചു. പ്രവർത്തനങ്ങളിൽ മികവ് ഉറപ്പാക്കുന്നതിനുള്ള ക്യു.എം.എസ് മാനദണ്ഡങ്ങൾ വിജയകരമായി പൂർത്തിയാക്കിയതിനാണ് നേട്ടം. വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ........**

(വോയ്സ്)

*************************************

## ക്രിക്കറ്റ്

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ശ്രീലങ്കക്കെതിരെ പാകിസ്ഥാന് 5 വിക്കറ്റ് ജയം. ഇന്നലെ നടന്ന മത്സരത്തിൽ ശ്രീലങ്ക മുന്നോട്ടുവച്ച 134 റൺസ് വിജയലക്ഷ്യം പിന്തുടർന്ന പാകിസ്ഥാൻ 18 ഓവറിൽ ലക്ഷ്യം നേടി. ഇന്ന് ദുബായിൽ നടക്കുന്ന മത്സരത്തിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. രാത്രി 8 മണിക്കാണ് മത്സരം.

*************************************

## ത്രിദിന ബോധവത്കരണ പരിപാടി

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ എറണാകുളം യൂണിറ്റ് സംഘടിപ്പിക്കുന്ന സർക്കാർ പദ്ധതികളെക്കുറിച്ചുള്ള ത്രിദിന ബോധവൽക്കരണ പരിപാടിയ്ക്ക് അടിമാലി ഗ്രാമപഞ്ചായത്ത് ടൗൺ ഹാളിൽ തുടക്കമായി. പോഷക

PINU TVPM

മാസാചരണം, ശുചിത്വമാണ് സേവനം എന്നീ ക്യാമ്പയിനുകൾക്ക് പ്രാധാന്യം നൽകിയാണ് ബോധവൽക്കരണം നടത്തുന്നത്. സംയോജിത ശിശു വികസന വകുപ്പിന്റെ അടിമാലി മെയിൻ, അടിമാലി അഡീഷണൽ യൂണിറ്റുകളുമായി ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്. ബോധവൽക്കരണ പരിപാടി മറ്റെന്നാൾ സമാപിക്കും.

************************************

## ഏകദിന മാധ്യമ ശിൽപശാല

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള തിരുവനന്തപുരം പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ പത്തനംതിട്ട ജില്ലയിലെ പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി ഏകദിന മാധ്യമ ശില്പശാല വാർത്താലാപ് സംഘടിപ്പിക്കുന്നു. ശിൽപ്പശാല ജില്ലാ കളക്ടർ എസ്.പ്രേം.കൃഷ്ണൻ നാളെ ഉദ്ഘാടനം ചെയ്യും. പി.ഐ.ബി കേരള - ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി.പളനിച്ചാമി അധ്യക്ഷത വഹിക്കും.

RNU TVPM

************************************

## അമീബിക് മസ്തിഷ്ക ജ്വരം

അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത കർശനമാക്കി തൃശൂർ ജില്ലാ ഭരണകൂടം. ജാഗ്രത നടപടികളുടെ ഭാഗമായി തൃശ്ശൂർ ചൂണ്ടൽ പഞ്ചായത്തിലെ മൂന്ന് കുളങ്ങളിൽ ഇറങ്ങുന്നതിനു വിലക്കേർപ്പെടുത്തി.

തായങ്കാവ് ശ്രീധർമശാസ്താ ക്ഷേത്രത്തിലെയും പയ്യൂർക്കാവ് സുബ്രഹ്മണ്യക്ഷേത്രത്തിലെയും പയ്യൂർക്കാവ് ക്ഷേത്രത്തിനു സമീപത്തെ പൊതുകുളത്തിലുമാണ് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത്. അതേസമയം ആശങ്കപ്പെടേണ്ട സാഹചര്യം ജില്ലയിൽ ഇല്ലെന്നും രോഗത്തെ

പ്രതിരോധത്തിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നതായും ജില്ലാ കളക്ടർ പറഞ്ഞു.

******************************************************************************************

**************************************************************************

RNU TVPM